

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തലക്കാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.17/2160/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 19/10/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തലക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തലക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.17/2160/2023 തീയ്യതി: 19/10/2023

മലപ്പുറം ജില്ലയിലെ തലക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തലക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-12-2022 മുതൽ 10-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-09-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ചിത്രലേഖ.കെ.കെ,കെഎഎസ്	ഡെപ്യൂട്ടി ഡയറക്ടർ	11-09-2023	19-09-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
11-09-2023	19-09-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുൽ റഷീദ്.എം.പി,ഓഡിറ്റ് ഓഫീസർ
ശ്രീ.മുഹമ്മദ് ഫാറൂഖ്.കെ.പി അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.സുജിത.പി.കെ, ഓഡിറ്റർ
ശ്രീ.മൊയ്തീൻ ഫാസിൽ.കെ,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.പുഷ്പ.പി	പ്രസിഡന്റ്	01-04-2022	31-03-2023
ശ്രീ.ഗിരീഷ് ലാൽ.എൻ.സി	സെക്രട്ടറി	01-04-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.രാജീവ്.വി	അസിസ്റ്റന്റ് സെക്രട്ടറി	01-04-2022	31-03-2023
ശ്രീ.പി.മഹേഷ്	ഡയറിഎക്സ്റ്റൻഷൻ ഓഫീസർ	01-04-2022	31-03-2023
ശ്രീ.രാജേഷ്.കെ	ഫിഷറീസ് എക്സ്റ്റൻഷൻ കോർഡിനേറ്റർ	01-04-2022	31-03-2023
ശ്രീമതി.ഷീല.കെ	ഹെഡ് മിസ്ട്രസ്സ്	01-04-2022	31-03-2023
ശ്രീമതി.നീതുലക്ഷ്മി.ജി.ആർ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2022	09-05-2022
ശ്രീമതി.സക്കീന കുന്നത്ത്	ഐ.സി.ഡി.എസ് സൂപ്പർവൈസർ	10-05-2022	12-01-2023
ശ്രീമതി.മഞ്ജു.എം	ഐ.സി.ഡി.എസ് സൂപ്പർവൈസർ	13-01-2023	31-03-2023
ശ്രീ.മുഹമ്മദ് അനീസ്.എം	കൃഷി ഓഫീസർ	01-04-2022	31-03-2023
ഡോ.രാജേഷ്.എം	മെഡിക്കൽ ഓഫീസർ(ആയുർവ്വേദം)	01-04-2022	31-03-2023
ശ്രീ.ശ്രീനാരായണൻ.എം	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2022	19-06-2022
ശ്രീമതി.കിമി ബോസ്	അസിസ്റ്റന്റ് എഞ്ചിനീയർ	20-06-2022	31-03-2023
ഡോ.പ്രസന്ന കുമാർ	മെഡിക്കൽ ഓഫീസർ(അലോപ്പതി)	01-04-2022	31-03-2023
ശ്രീ.ബിമൽ.പി.എസ്	വി.ഇ.ഒ	01-04-2022	31-03-2023
ശ്രീ.സജി.എസ്	വി.ഇ.ഒ	01-04-2022	31-03-2023
ഡോ.സോമ.ടി.ജി	വെറ്ററിനറി സർജൻ	01-04-2022	25-09-2022
ഡോ.നിമ	വെറ്ററിനറി സർജൻ	26-09-2022	30-01-2023
ഡോ.നികേഷ് കിരൺ	വെറ്ററിനറി സർജൻ	31-01-2023	15-02-2023
ഡോ.അഞ്ജന	വെറ്ററിനറി സർജൻ	16-02-2023	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല	1-1-1
3	റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല	1-1-2
4	B4ലേയും B7ലേയും തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.	1-1-3
5	കാലഹരണപ്പെട്ട തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല	1-1-4
6	രജിസ്റ്റർ പ്രകാരമുള്ള വരവ് എ.എഫ്.എസിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു	1-1-5
7	ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിക്കുന്നില്ല	1-1-6
8	വസ്തു നികുതി ഡി.സി.ബി എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല	1-1-7
9	സി.എഫ്.സി ഇനത്തിലുള്ള നീക്കിയിരിപ്പിൽ വ്യത്യാസം	1-1-8
10	ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസിൽ അപാകത	1-1-9
11	തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള ചെലവ് എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല	1-1-10
12	ബജറ്റ്	1-2
13	സാമ്പത്തിക വിശകലനം	1-3
14	ഫണ്ട് വിനിയോഗം (ACR പ്രകാരം)	1-4
15	പദ്ധതി അവലോകനം	1-5
16	തൊഴിലുറപ്പ് പദ്ധതി	1-6
17	ക്ഷേമപദ്ധതികൾ	1-7
18	ക്യാഷ് പരിശോധന	1-8
19	ആഭ്യന്തര നിയന്ത്രണം	1-9
20	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
21	തനത് വരുമാന സമാഹരണം - അവലോകനം.	1-11
22	നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം	1-12
23	ലൈസൻസ് പിരിവിലെ അപാകത	1-13
24	തൊഴിൽ നികുതി പിരിവിലെ അപാകതകൾ	1-14
25	സ്വകാര്യ ആശുപത്രികൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു	1-15
26	രസീതി ബുക്കിലെ അപാകത	1-16
27	പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അധികതുക നൽകി	1-17
28	മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല	1-18
29	നീതി സ്റ്റോറിൽ നിന്നും മരുന്ന് വാങ്ങിയത് സംബന്ധിച്ച്	1-19
30	കിച്ചൺവേസ്റ്റ് ഡൈജസ്റ്റർ ബിൻ മുഴുവനായി വിതരണം ചെയ്തിട്ടില്ല	1-20
31	ലൈഫ് ഭവന പദ്ധതി- ഗുണഭോക്താക്കൾ ഭവന നിർമാണം പൂർത്തീകരിച്ചിട്ടില്ല	1-21

32	തനത് ഫണ്ടിൽ നിന്നുള്ള ചെലവുകളുടെ രജിസ്റ്ററുകളും രേഖകളും പരിപാലിക്കുന്നില്ല.	1-22
33	വിവിധ നിർവഹണ ഏജൻസികൾക്ക് കൈമാറിയ തുകകൾ - വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്.	1-23
34	ടെണ്ടർ ഫീ പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല.	1-24
35	അസിസ്റ്റന്റ് എഞ്ചിനീയർ-കാഷ്ബുക്ക് പരിപാലിക്കുന്നതിൽ അപാകത	1-25
36	സ്കൂളുകളിലെ അനധികൃത കെട്ടിടങ്ങൾ - തുടർ നടപടി വിവരം ലഭ്യമാക്കണം	1-26
37	സർക്കാർ നിർദ്ദേശം പാലിക്കാതെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകി	1-27
38	ഡ്രെയിനേജ് പ്രവൃത്തികൾക്ക് തെറ്റായ നിരക്ക് അനുവദിക്കുന്നത്	1-28
39	അസി.എഞ്ചിനീയറുടെ ഓഫീസിലെ വാഹന വാടക – ആദായ നികുതി ഈടാക്കിയില്ല.	1-29
40	പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല	1-30
41	ലൈഫ് ഭവന പദ്ധതി സർക്കാർ മാർഗ്ഗ നിർദേശങ്ങൾക്ക് വിരുദ്ധമായി ധനസഹായം അധിക നൽകി	1-31
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
1	ലൈഫ് ഭവന പദ്ധതി-സർക്കാർ മാർഗ്ഗ നിർദേശങ്ങൾക്ക് വിരുദ്ധമായി ധനസഹായം അധികം നൽകി	3-1
ഭാഗം **4**		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ / വായ്പാതിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 1(1)/24.07.2023 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 25.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തലക്കാട് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച് അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തലക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ്

മലപ്പുറം
തീയതി: 19-10-2023
വകുപ്പ്

1-1-1 എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

1-1-2 റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ് ചട്ടം 57& 58 മുഴുവനായും പാലിച്ചിട്ടില്ല.(വിവിധ അക്കൌണ്ടുകളുടെ ബാങ്ക് ബുക്കുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല, റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.) സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തിയിട്ടില്ല.

1-1-3 B4ലേയും B7ലേയും തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

AFS B-4 പ്രകാരമുള്ള താഴെ സൂചിപ്പിക്കുന്ന (നീക്കിയിരിപ്പ്) തുകകൾ B-17 ൽ നിന്നും താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു. വ്യത്യാസത്തിന് കാരണം വ്യക്തമാക്കിയിട്ടില്ല.

ക്രമ നം	ഇനം	B-4 പ്രകാരം	B-17 പ്രകാരം
1	MGNREGS	119208	120208
2	SSA	327521	336211

1-1-4 കാലഹരണപ്പെട്ട തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ബിഡ്ഡേഴ്സ് ഇ.എം.ഡി ഇനത്തിൽ 2017-2018 വർഷം 11875/- രൂപയുടേയും 2018-2019 വർഷത്തിൽ 5700/- രൂപയുടേയും വരവ് കാണിച്ചിട്ടുണ്ട്.ആയത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

1-1-5 രജിസ്റ്റർ പ്രകാരമുള്ള വരവ് എ.എഫ്.എസിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു

കോൺടാക്ടേഴ്സ് റിടെൻഷൻ ഇനത്തിൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 21710/- രൂപയുടെ വരവ് ഉണ്ടെങ്കിലും RP 33 പ്രകാരം 16395/- രൂപയുടെ വരവാണ് കാണിച്ചിട്ടുള്ളത്.

1-1-6 ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിക്കുന്നില്ല

RP10 പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ 62973/- രൂപയുടെ വരവ് ഉണ്ടെങ്കിലും ഓഡിറ്റ് റിക്കവറി രജിസ്റ്റർ ഹാജരാക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-1-7 വസ്തു നികുതി ഡി.സി.ബി എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല

1. മുൻ വർഷ എ.എഫ്.എസ് B15 പ്രകാരം നോൺ റെസിഡൻഷ്യൽ വിഭാഗത്തിൽ ലഭിക്കാനുള്ള തുക 333868/- രൂപയാണ്. എന്നാൽ തൻ വർഷ ഡി.സി.ബി പ്രകാരം ബുക്ക് ചെയ്തിട്ടുള്ളത് 321283/- രൂപയാണ്.
2. മുൻ വർഷ എ.എഫ്.എസ് B15 പ്രകാരം റെസിഡൻഷ്യൽ വിഭാഗത്തിൽ ലഭിക്കാനായൊന്നും അവശേഷിക്കുന്നില്ല. എന്നാൽ തൻ വർഷ ഡി.സി.ബി പ്രകാരം അരിയർ ഇനത്തിലായി 4679/- രൂപ ബുക്ക് ചെയ്തിട്ടുണ്ട്.
3. തൻ വർഷ എ.എഫ്.എസ് B15 പ്രകാരം നോൺ റെസിഡൻഷ്യൽ വിഭാഗത്തിൽ അരിയർ ഇനത്തിൽ ലഭിക്കാനുള്ള തുക 333868 രൂപയും കറന്റ് ഇനത്തിൽ ആയത് 49813/- രൂപയുമാണ്. എന്നാൽ ഡി.സി.ബി പ്രകാരം ആയത് യഥാക്രമം 317966/- രൂപയും 47440/-രൂപയുമാണ്.
4. ഡി.സി.ബി പ്രകാരം നോൺ റസിഡൻഷ്യൽ വിഭാഗത്തിൽ തൻ വർഷ വസ്തു നികുതി കളക്ഷൻ കറന്റ് വർഷത്തിലേത് 3662525/- രൂപയും അരിയർ ഇനത്തിൽ 3321/- രൂപയുമാണ്. എന്നാൽ ആയത് എ.എഫ്.എസ് (RP-45) പ്രകാരം യഥാക്രമം 3644193/- രൂപയും 3318/- രൂപയുമാണ്.

1-1-8 സി.എഫ്.സി ഇനത്തിലുള്ള നീക്കിയിരിപ്പിൽ വ്യത്യാസം

B 4 പ്രകാരം സി.എഫ്.സി ഇനത്തിലുള്ള നീക്കിയിരിപ്പ് 8137578 രൂപയാണ്. എന്നാൽ RP 40(b) പ്രകാരം ആയത് 2720586 രൂപയാണ്.(South Indian Bank-A/C No.0426053000016825)

1-1-9 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസിൽ അപാകത

വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ബി-11 B (Capital Work In Progress) ഷെഡ്യൂൾ പ്രകാരം 9117038/- രൂപ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ 30.09.2020 തീയതിയിൽ പ്രസ്തുത തുകകൾ പ്രകാരമുള്ള പ്രവൃത്തികൾ ആസ്തിയായി മാറ്റിയിട്ടുള്ളതാണ്.

1-1-10 തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള ചെലവ് എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല

സെക്രട്ടറി ഹാജരാക്കിയ തൊഴിലുറപ്പ് പദ്ധതി ക്യാഷ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് എ.എഫ്.എസുമായി(I-6) പൊരുത്തപ്പെടുന്നില്ല

I-6 പ്രകാരമുള്ള തുക	ക്യാഷ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക	വ്യത്യാസം
12604993	12717848	112855

1-2 ബജറ്റ്

2022-23 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി	(പുതുക്കിയത്) തീരുമാന നം./തിയ്യതി
തീരുമാനം നം-1(1) തീയതി-25.03.2022	തീരുമാനം നം-3(1) തീയതി-04.03.2023

1-3 സാമ്പത്തിക വിശകലനം

ഇനം	തുക
മുന്നിരിപ്പ്	22071145

വരവ്	166122571
ആകെ	188193716
ചെലവ്	167438328
നീക്കിയിരിപ്പ്	20755388

1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

ഫണ്ടിനം	മുൻബാക്കി (₹)	തൻവർഷ വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ്/ ലാപ്സായ തുക (₹)
വികസനഫണ്ട് (ജനറൽ)	0	18412701	18412701	18412156	545
വികസനഫണ്ട് (എസ്.സി.പി.)	0	5350363	5350363	5249320	101043
സംരക്ഷണഗ്രാന്റ് (റോഡ്)	0	9772000	9772000	7890031	1881969
സംരക്ഷണഗ്രാന്റ് (റോഡിതരം)	0	5570000	5570000	3785408	1784592
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	0	8930647	8930647	10712911	-1782264
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്)	0	4023292	4023292	6736385	-2713093
ബി ഫണ്ട്	0	52051200	52051200	52051200	0

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (₹)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (₹)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
271	234543258	200	78030694	-	71	73.8%

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.

ഇല്ല.

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരുപ്പ് (₹)
ഭരണചെലവുകൾ	232632	868458	1101090	980882	120208
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് (കാപ്പിറ്റൽ വർക്കിനുള്ള ചെലവുൾപ്പെടെ)	0	11736966	11736966	11736966	0
ആകെ	232632	12605424	12838056	12717848	120208

1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക (₹)	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	1331200	864
വിധവാപെൻഷൻ	15920600	10074
വാർദ്ധക്യകാലപെൻഷൻ	29730400	19262
വികലാംഗപെൻഷൻ	4369600	2779
വിവാഹ ധനസഹായം	270000	9

50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	429400	275

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന14.09.2023 ന് 11.08 AM മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1540/- രൂപയുടെ ക്യാഷ് ബാലൻസ് കണ്ട് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

1.റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല ഇക്കാര്യത്തിൽ കാര്യക്ഷമമായ മേൽനോട്ടം ഉറപ്പു വരുത്തേണ്ടതാണ്.

2.നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ ഏജൻസികൾക്ക് മുൻകാലങ്ങളിൽ നൽകിയ തുകകൾ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

3.തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ കാര്യക്ഷമമാക്കേണ്ടതുണ്ട്. (വിശദമായ പരാമർശം ഖണ്ഡിക 1-11 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്)

4. തെരുവു വിളക്കുകളുമായി ബന്ധപ്പെട്ട് പരാതി രജിസ്റ്റർ

തെരുവു വിളക്കുകളുമായി ബന്ധപ്പെട്ട് പരാതി രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. ഏതാനും പോസ്റ്റുകളുടെ നമ്പർ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പരാതി നൽകിയ വ്യക്തിയുടെ പേര്, തിയതി, പോസ്റ്റ് നമ്പർ, സ്ഥലം എന്നിവ രേഖപ്പെടുത്തേണ്ടതാണ്.

5. തെരുവ് വിളക്ക് രജിസ്റ്റർ

തെരുവ് വിളക്ക് രജിസ്റ്റർ അപൂർണ്ണമാണ്. (തെരുവ് വിളക്കുമായി ബന്ധപ്പെട്ട ഖണ്ഡികയിൽ പരാമർശിച്ചിട്ടുണ്ട്.)

6. ആസ്തി രജിസ്റ്റർ

ആസ്തി രജിസ്റ്റർ തയ്യാറാക്കുകയോ ഡിജിറ്റലൈസ് ചെയ്യുകയോ ചെയ്തിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.

7.രജിസ്റ്റർ ഓഫ് അൺസർവീസബിൾ രജിസ്റ്റർ (സ്ട്രീറ്റ് ലൈറ്റ്)

കേടുവന്ന തെരുവ് വിളക്കുകളുടെ വിവരം ഉൾപ്പെടുത്തി കാണിക്കുന്ന രജിസ്റ്റർ ഓഫ് അൺസർവീസബിൾ രജിസ്റ്റർ (സ്ട്രീറ്റ് ലൈറ്റ്) പരിപാലിച്ചിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തിയ്യതി
പെർഫോമൻസ് ഓഡിറ്റ്	24.11.2022	09/2022-10/2022	24.11.2022
എ.ജി ഓഡിറ്റ്	01.10.2013-18-10-2013	2008/09-2012/13	24.06.2015

1-11 തനത് വരുമാന സമാഹരണം - അവലോകനം.

ആറാം ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും മേലാപ്പീസിലെ 11.07.2023 ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് തലക്കാട് ഗ്രാമപഞ്ചായത്തിൽ നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം

ആറാം ധനകാര്യകമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി സ.ഉ(കൈ)നം.117/2022/ എൽ എസ് ജി ഡി , തിയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ 2ആയി എല്ലാ പ്രാദേശിക സർക്കാരുകളും നികുതി വരുമാനത്തിന്റേയും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്നു മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ചചെയ്ത് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയോ, ഭരണ സമിതിയോ സ്വീകരിച്ചതായി കാണുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എല്ലാ മാസവും മീറ്റിംഗ് കൂടിയിട്ടുണ്ടെങ്കിലും പുതിയ തനത് വരുമാനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നതായോ, ലഭ്യമായ തനത് വരുമാനം പിരിച്ചെടുക്കുന്നതിന്റെ പുരോഗതി വിലയിരുത്തിയതായോ മീറ്റിംഗ് മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. വേക്കൻസി റമിഷൻ, പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാനമായും അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി കൃത്യമായ ഇടവേളകളിൽ

നികുതിവരുമാനത്തിന്റെ പിരിച്ചെടുക്കൽ വിലയിരുത്തി ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേങ്ങൾ നൽകുന്നതിനും പഞ്ചായത്തിന് പിരിഞ്ഞുകിട്ടേണ്ടതായ തുകകൾ പൂർണ്ണമായും പിരിച്ചെടുത്തുവെന്ന് ഉറപ്പു വരുത്തുന്നതിനും ധനകാര്യസ്റ്റാന്റിംഗ്കമ്മറ്റി ശ്രദ്ധ പുലർത്തേണ്ടതാണ്.

ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വരവ് - ചെലവ് കണക്കുകളാണ് ബജറ്റിൽ പ്രതിഫലിക്കേണ്ടത്. ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റി കൃത്യമായ ധാരണ നൽകുന്നതായിരിക്കണം ബജറ്റ് . 2022-23വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള പ്രതീക്ഷിത വരവും , സ്ഥാപനത്തിലെ വാർഷിക കണക്കു പ്രകാരം ലഭ്യമായ വരവും തമ്മിൽ താഴെ പറയുന്ന ഇനങ്ങളിൽ വലിയ വ്യത്യാസം കാണുന്നു.

ഇനം	ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ്	വാർഷിക കണക്കു പ്രകാരം ലഭ്യമായ വരവ്	വ്യത്യാസം
Property Tax	6500000	6429238	70762
Profession Tax	16,00,000	1492390	107610
Liscence Fees	152000	204540	52540

പഞ്ചായത്തിന്റെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും യാഥാർത്ഥ വരവും തമ്മിൽ ഇത്രയും അന്തരം വരുമ്പോൾ ബജറ്റിന്റെ രൂപീകരണം യാതൊരു മുന്നൊരുക്കവും കൂടാതെ ആണെന്ന് വ്യക്തമാക്കുന്നതാണ്. ബജറ്റ് യാഥാർത്ഥ്യത്തോട് ചേർന്നു നിൽക്കുന്നതാവാൻ ശ്രദ്ധിക്കേണ്ടതാണ്.

വസ്തു നികുതി

സ.ഉ (കൈ) നം. 77/2023/എൽ എസ് ജി ഡി , തിയ്യതി 22.03.2023 പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവു പ്രകാരമുള്ള വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ സ.ഉ (അച്ചടി) നം. 25/2023/എൽ എസ് ജി ഡി , തിയ്യതി 05.04.2023 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തലക്കാട് ഗ്രാമ പഞ്ചായത്ത് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2. നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക നോട്ടീസ്)16.04.2023 ലെ 3/1 ാം നമ്പർ ഭരണ സമിതി തീരുമാന പ്രകാരം അംഗീകരിക്കുകയും എ4-2729/23 തിയ്യതി 23.05.2023 പ്രകാരം ഇതു സംബന്ധിച്ച അറിയിപ്പ് 15.06.2023 തിയ്യതിയിൽ പത്രത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്വകാര്യ ഹോസ്റ്റൽ/ ഹോം സ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് , എം.എസ്.എം.ഇ വ്യവസായ യൂണിറ്റുകൾ, ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ/ റിസോർട്ടുകൾ, റസിഡൻഷ്യൽ ഹോംസ്റ്റേ തുടങ്ങിയ സ്ഥാപനങ്ങൾക്ക് നിരക്ക് നിശ്ചയിച്ച് കരട് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

3. ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ വിവിധ മേഖലകളാക്കി തിരിക്കൽ, റോഡുകളുടെ വർഗ്ഗീകരണം എന്നിവ 11.08.2023 ലെ 4/1 നമ്പർ ഭരണ സമിതി തീരുമാന പ്രകാരം താത്ക്കാലികമായി അംഗീകരിക്കുകയും ആയതു സംബന്ധിച്ചുള്ള അറിയിപ്പ് B2-5018/23 തിയ്യതി 15.06.2023 പ്രകാരം 16.06.2023 തിയ്യതിയിൽ പത്രത്തിൽ പരസ്യം ചെയ്തിട്ടുമുണ്ട്.

4.കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കുന്നതിനായി വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. അതിനായി ഇന്റർവ്യൂ നടത്താൻ പത്ര പരസ്യം കൊടുത്തിട്ടുണ്ടെങ്കിലും എന്നാൽ പിന്നീട് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

5. പുതുക്കിയ വസ്തുനികുതി നിരക്കിന്റെ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പരസ്യപ്പെടുത്തേണ്ടതായിരുന്നുവെങ്കിലും ആയത് പരസ്യപ്പെടുത്തിയിട്ടില്ല. ഇത് കാരണം 01.04.2023ന് ശേഷം പുതുതായി വസ്തുനികുതി നിർണ്ണയം നടത്തുന്ന കേസുകളിൽ പഴയ നിരക്കിൽ തന്നെ വസ്തുനികുതി നിർണ്ണയിച്ച്, പുതിയ നിരക്ക് പ്രകാരമുള്ള അധിക തുക അടവാക്കിക്കൊള്ളാമെന്നുള്ള സമ്മതപത്രം ഉടമകളിൽ നിന്ന് കൈപ്പറ്റുകയാണ് ചെയ്യുന്നത്.

പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ പറയുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് മേഖലകൾ തരം തിരിക്കേണ്ടത്. എന്നാൽ ഇപ്രകാരമാണോ മേഖലകൾ തിരിച്ചിട്ടുള്ളത് എന്നത് വ്യക്തമല്ല. പി.ഡബ്യു.ഡി റോഡിൽ നിന്നും നേരിട്ട് പ്രവേശന മാർഗ്ഗമുള്ള ഗ്രാമപഞ്ചായത്തിലെ ചില പ്രത്യേക ഭാഗങ്ങൾ മാത്രമാണ് പ്രാഥമിക മേഖലയിൽ ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്തിട്ടുള്ളത്. അവശേഷിക്കുന്ന പ്രദേശങ്ങൾ മുഴുവൻ ദ്വിതീയ മേഖലയിലും ഉൾപ്പെടുത്തി. ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം സൂക്ഷിച്ചിട്ടില്ല.നികുതി നിർണ്ണയത്തിനു ശേഷമുള്ള കൂട്ടിച്ചേർക്കലുകൾ / ഉപയോഗ ക്രമത്തിലുള്ള മാറ്റങ്ങൾ , നികുതിയിളവ് നേടിയ ശേഷം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അനുമതിയില്ലാതെ കെട്ടിട വിസ്തീർണ്ണം വർദ്ധിപ്പിക്കൽ എന്നിവ സംബന്ധിച്ച് കെട്ടിട ഉടമകൾ നൽകിയ 718 ഓളം 9Bഅപേക്ഷകൾ പഞ്ചായത്തിൽ ലഭ്യമായിട്ടുണ്ടെങ്കിലും ആയതിൽ നാളിതു വരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

വസ്തു നികുതിയുടെ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ച് പുതുക്കിയ വസ്തു നികുതി ഈടാക്കുന്നതിനും , ഫീൽഡ് സ്റ്റാഫിനെ നിയമിച്ച് കെട്ടിട ഉടമകൾ നൽകിയ 9B അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്തിലെ മറ്റു കെട്ടിടങ്ങൾ പരിശോധിച്ച് കൂട്ടിച്ചേർക്കലുകളോ , ഉപയോഗ ക്രമത്തിലെ വ്യത്യാസമോ, അനധികൃത നിർമ്മാണങ്ങളോ ഉണ്ടെങ്കിൽ ആയവ കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്ത് പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

സേവന ഉപനികുതി

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26,27 എന്നിയും , ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമങ്ങളിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിനു സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം , ജലവിതരണം, തെരുവു വിളക്കുകൾ ഡ്രൈനേജ് തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെ പറയുന്ന പ്രകാരം ഗ്രാമ പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

സേവനം	ചുമത്താവുന്ന കുറഞ്ഞ സേവന നികുതി
ശുചിത്വ പരിപാലനം	വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക
ജലവിതരണം	വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക
തെരുവു വിളക്കുകൾ	വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക
ഡ്രൈനേജ്	വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക

തലക്കാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ നാളിതു വരെ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ വളരെ ചുരുങ്ങിയ സ്ഥാപനങ്ങൾക്കാണ് ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പ്രൈവറ്റ് സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. വലിയ സ്ഥാപനങ്ങൾക്കുപോലും ഡിമാന്റ് നോട്ടീസ് നൽകുന്നുമില്ല. ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് കിട്ടാനുള്ള തുകകൾ പൂർണ്ണമായും ഡിമാന്റ്ചെയ്ത് പിരിച്ചെടുത്ത് തനത് വരുമാനം

വർദ്ധിപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കാവുന്നതാണെങ്കിലും ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.

3.ലൈസൻസ് രജിസ്റ്റർ പ്രകാരം ചില സ്ഥാപനങ്ങളിൽ കൂടുതൽ ജോലിക്കാർ ജോലി ചെയ്യുന്നതായി കാണിച്ചിട്ടുണ്ടെങ്കിലും ആയവരിൽ നിന്ന് ജീവനക്കാർക്കുള്ള തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

ലൈസൻസ് ഫീസ്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലെ ചട്ടം 10 ലെ പട്ടിക-II പ്രകാരം വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത്, 31.10.2017 ൽ നിലവിൽ വന്ന ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്ക് നിശ്ചയിച്ചതായി കാണുന്നില്ല. നിലവിൽ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ വളരെ കുറഞ്ഞ തുകയാണ് ലൈസൻസ് ഫീ ആയി ഈടാക്കുന്നത്. ലൈസൻസ് ഫീസ് ഇനത്തിൽ കാലാനുസൃതമായ മാറ്റം വരുത്തേണ്ടതാണ്.

മറ്റിനം

രജിസ്ട്രേഷൻ ഫീസ്

1. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം(വകുപ്പ് 269 മുതൽ 271 വരെ) ചട്ടം 3(2) പ്രകാരം പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന സ്വകാര്യ ആശുപത്രികളും പാരാ മെഡിക്കൽ സ്ഥാപനങ്ങളും 200/- രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് രജിസ്ട്രേഷൻ എടുക്കേണ്ടതും ചട്ടം 5(1) പ്രകാരം 50/- രൂപ അടവാക്കി വർഷം തോറും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്.എന്നാൽ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചപ്പോൾ RP4 പ്രകാരം 2022-2023 വർഷത്തിൽ ഈ ഇനത്തിൽ 1250/- രൂപ മാത്രമാണ് വരവ് വന്നിട്ടുള്ളത്.

പഞ്ചായത്ത് പരിധിയിൽ നിരവധി സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുക്കാതെ പ്രവർത്തിക്കുന്നുണ്ട്. (ഖണ്ഡിക 1-15ൽ പ്രതിപാദിച്ചിട്ടുണ്ട്) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീ ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-12 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻക്കൂറുകൾ - അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്യുകയാണ് ചെയ്യുവരുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/മൂല്യനിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡിപ്പോസിറ്റ് ചെയ്ത ചുവടെ ചേർത്തിട്ടുള്ള തുകകളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്ര.ന (1)	സാമ്പത്തിക വർഷം (2)	പ്രൊജക്ട് പേര്/നം (3)	നിർവഹണ ഏജൻസി (4)	മുൻകൂർ നൽകിയ തുക (5)	ഫണ്ട് ഇനം (6)	ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) (7)	ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (8)	റിമാർക്സ് (9)
1	2015-16	168/23 സ്ട്രീറ്റ് ലൈൻ വലിക്കൽ , പൂക്കൈത-പുളിഞ്ചോട്	KSEB	75000/-	വികസന ഫണ്ട് (ജ)	71825/-	3175/-	-
2	2016-17	238/23-PHC യിലേക്ക്	KSEB	80000/-	CFC	71355/-	8645/-	-

		ത്രീ-ഫേസ് ലൈൻ വലിക്കൽ						
3	2017-18	210/23-സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ	KSEB	100000/- 50000/-	വികസന ഫണ്ട് (ജ) തനത് ഫണ്ട്	118958/-	31042/-	-
4	2018-19	224/23-പട്ടിക ജാതി കുടിവെള്ള പദ്ധതി	KWA	535000/- 250000/- 178751/	വികസന ഫണ്ട് (ജ) വികസന ഫണ്ട് (SCP) തനത് ഫണ്ട്	785000/-	178751/-	
5	2019-20	256/23-വിവിധ റോഡുകളിലെ ഇലക്ട്രിക് പോസ്റ്റുകൾ നീക്കം ചെയ്യൽ	KSEB	100000/-	തനത് ഫണ്ട്	98936/-	1064/-	

മേൽ പറഞ്ഞ പട്ടികയിലെ 8-ാം കോളത്തിൽ രേഖപ്പെടുത്തിയ തുക വിനിയോഗിക്കപ്പെടേണ്ടതാണെങ്കിൽ പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം അതത് ഏജൻസികളിൽ നിന്നും ലഭ്യമാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി തുകകൾ തിരികെ ലഭ്യമാക്കി അതത് ശീർഷകങ്ങളിൽ തിരികെ ഒടുക്കേണ്ടതുമാണ്. (ഓഡിറ്റ് എൻകയറി 3/11-9-23 പ്രകാരം നൽകിയ എൻകയറിക്ക് ലഭിച്ച മറുപടി കൂടി പരിഗണിച്ചാണ് പരാമർശത്തിൽ വിവരം ഉൾപ്പെടുത്തിയിട്ടുള്ളത്.)

1-13 ലൈസൻസ് പിരിവിലെ അപാകത

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലെ ചട്ടം 10 ലെ പട്ടിക-II പ്രകാരം വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത്, 31.10.2017 ൽ നിലവിൽ വന്ന ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്ക് നിശ്ചയിച്ച് ആയത് പ്രകാരമല്ല ലൈസൻസ് ഫീസ് ഈടാക്കുന്നത്.അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം. 14/13.09.23 നൽകിയ മറുപടി പ്രകാരം 2023-2024 സാമ്പത്തിക വർഷത്തിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കുന്നത് എന്നുള്ള വിവരം ലഭ്യമാക്കിയിട്ടുണ്ട്.സർക്കാർ ഉത്തരവ് പ്രകാരമുള്ള പഞ്ചായത്തിന്റെ തനത് ഫണ്ട് വർദ്ധിപ്പിക്കാനുള്ള നടപടികൾ ക്രമ പ്രകാരം സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-14 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

തലക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1.പഞ്ചായത്തിന്റെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചപ്പോൾ താഴെ കൊടുത്ത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കണ്ടു.

ക്രമ നമ്പർ	സ്ഥാപനം	തൊഴിൽ നികുതി അടവാക്കാത്ത കാലയളവ്
1	നൈസ് പബ്ലിക് സ്കൂൾ	I&II അർദ്ധവർഷം

2	ബൂൺസ് കോളേജ് ഓഫ് ആർട്സ് സ്റ്റഡീസ്	I&II അർദ്ധവർഷം

മേൽ സ്ഥാപനങ്ങളിൽ നിന്നും 1996 ലെ കേരള ഗ്രാമ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം (6) അടിസ്ഥാനത്തിൽ തൊഴിൽ നികുതി അടവാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

2.ലൈസൻസ് അപേക്ഷ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ സ്ഥാപനങ്ങളിലെ ജോലിക്കാരുടെ വിവരം ചുവടെ ചേർക്കുന്നു.

അപേക്ഷ നമ്പർ	സ്ഥാപനം	ജീവനക്കാരുടെ എണ്ണം
5	തുളുത്തി വുഡ് ഇൻഡസ്ട്രീസ്	4
21	വെസ്റ്റ് കോസ്റ്റ് പോളിമോഴ്സ്	8
29	മലബാർ ബിൽഡേഴ്സ്	4
151	ന്യൂ മലബാർ ഫർണച്ചർ	4
162	എസ്.പി.ജി ട്രേഡ് ലിങ്ക്	5

മുകളിൽ പരാമർശിച്ച 2022-23 വർഷത്തിലെ സ്ഥാപനത്തിലെ മുഴുവൻ ജീവനക്കാരുടെയും പേര്, അർദ്ധ വാർഷിക വരുമാനം (റിട്ടേൺ) ലഭ്യമാക്കി ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3.ഗ്രാമ പഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥരായ അഭിഭാഷകർ,സ്വകാര്യ ഡോക്ടർമാർ,മറ്റ് പ്രൊഫഷനലുകൾ,വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാർ,ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ,സൂപ്പർവൈസർമാർ,വാഹന ഉടമകൾ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂളുകൾ കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

4.ലൈസൻസ് രജിസ്റ്റർ പ്രകാരം പഞ്ചായത്ത് പരിധിയിൽ ചുവടെ കൊടുത്ത സ്വകാര്യ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്.ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചപ്പോൾ ആയവയിൽ നിന്നൊന്നും ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചെടുക്കുന്നില്ല എന്ന കണ്ടു.

ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ	സ്ഥാപനം
64	സഞ്ജീവനി ചികിത്സാലയം
145	എക്സ്പേർട്ട് ഡെന്റൽ കെയർ
213	എൽ.കെ ക്ലിനിക്
234	തുളുത്തിൽ വെൽനെസ് ക്ലിനിക്
270	അൽഷിഫ മെഡി ക്ലിനിക്

432	വെൽഡൺ മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്
444	ഡോ.നിസാം മെഡിക്കൽ സെന്റർ
484	നിള ഫെർട്ടിലിറ്റി സെന്റർ

മുകളിൽ പരാമർശിച്ച 2022-23 വർഷത്തിലെ സ്ഥാപനത്തിലെ മുഴുവൻ ജീവനക്കാരുടെയും പേര്, അർദ്ധ വാർഷിക വരുമാനം (റിട്ടേൺ) ഹാജരാക്കി, ആയത് പരിശോധിച്ച് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതുണ്ടെങ്കിൽ ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഓഡിറ്റ് എൻകയറി നം.15/13.09.23 ന് ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ പാലിക്കും എന്ന് അറിയിച്ചു. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

1-15 സ്വകാര്യ ആശുപത്രികൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം(വകുപ്പ് 269 മുതൽ 271 വരെ) ചട്ടം 3(2) പ്രകാരം പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന സ്വകാര്യ ആശുപത്രികളും പാരാ മെഡിക്കൽ സ്ഥാപനങ്ങളും 200/- രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് രജിസ്ട്രേഷൻ എടുക്കേണ്ടതും ചട്ടം 5(1) പ്രകാരം 50/- രൂപ അടവാക്കി വർഷം തോറും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചപ്പോൾ RP4 പ്രകാരം 2022-2023 വർഷത്തിൽ ഈ ഇനത്തിൽ 1250/- രൂപ വരവ് വന്നിട്ടുണ്ട്. ലൈസൻസ്,തൊഴിൽ നികുതി രജിസ്റ്ററുകൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുത്തിട്ടില്ല എന്ന് കണ്ടു.വിശദ വിവരം ചുവടെ കൊടുക്കുന്നു.

ക്രമ നമ്പർ	സ്ഥാപനം	ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ
1	ബിയ്യം ആയുർവ്വേദ ചികിത്സാലയം	46
2	മോഡേൺ മെഡിക്കൽ ലാബ്	196
3	അൽഷിഫ മെഡി ക്ലിനിക്	270
4	മെഡിലാബ് ലബോറട്ടറി	367
5	എൽ.എ. മെഡിക്കൽ ലബോറട്ടറി	463
6	നീലി മെമ്മോറിയൽ ക്ലിനിക് ബി.പി അങ്ങാടി	തൊഴിൽ നികുതി രജിസ്റ്റർ-Page 49

സർക്കുലർ നം.47724/ഡി.സി.1/11/എൽ.എസ്.ജി.ഡി തീയതി 09/12/2012 പ്രകാരം ടി സ്ഥാപനങ്ങൾക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള അനുമതി ലഭ്യമാക്കേണ്ടതും രജിസ്ട്രേഷന് പുറമേ ലൈസൻസ് എടുക്കേണ്ടതും കെട്ടിടത്തിന്റെ സുരക്ഷിതത്വം, ശുചിത്വം എന്നിവ ഉറപ്പാക്കേണ്ടതുമാണ്. മേൽ സ്ഥാപനങ്ങളും പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന മറ്റ് സ്വകാര്യ ആശുപത്രി, പാരാമെഡിക്കൽ സ്ഥാപനങ്ങളും മേൽ ചട്ടം,സർക്കുലർ പ്രകാരമാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പ് വരുത്താൻ എടുത്ത നടപടി ക്രമങ്ങൾ വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം.16/13.09.23 ന് ചുവടെ കൊടുക്കും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1.ബിയ്യം ആയുർവ്വേദ ചികിത്സാലയം,മോഡേൺ മെഡിക്കൽ ലാബ് എന്നീ സ്ഥാപനങ്ങൾ 2022-23 വർഷത്തിൽ അടച്ച് പൂട്ടിയിട്ടുള്ളതാണ്.

എന്നാൽ ടി സ്ഥാപനം 2022-23 വർഷത്തിൽ ലൈസൻസ് എടുത്തിട്ടുള്ളതാണ്. ആയതിന്റെ കൂടെ രജിസ്ട്രേഷനും എടുക്കേണ്ടതായിരുന്നു.

2. അവശേഷിക്കുന്ന സ്ഥാപനങ്ങളിൽ മെഡിലാബ് ലബോറട്ടറി ഒഴികെയുള്ള സ്ഥാപനങ്ങൾ 2023-2024 വർഷത്തിൽ രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്.

മേൽ സ്ഥാപനങ്ങളിൽ നിന്ന് 2022-23 വർഷത്തെ രജിസ്ട്രേഷൻ ഫീസ് ഈടാക്കേണ്ടതും പഞ്ചായത്ത് പരിധിയിൽ രജിസ്ട്രേഷൻ കൂടാതെ സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയവയിൽ നിന്ന് രജിസ്ട്രേഷൻ ഫീസ് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുകയോ അല്ലാത്തപക്ഷം ചട്ടം 6 പ്രകാരം മേൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ റദ്ദാക്കാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

1-16 രസീതി ബുക്കിലെ അപാകത

തലക്കാട് ഗ്രാമ പഞ്ചായത്തിന്റെ രസീതി ബുക്കുകൾ പരിശോധിച്ചപ്പോൾ കൃഷിഭവനിലേക്ക് അനുവദിച്ച 17411/23 രസീതി പ്രകാരം (തീയതി രേഖപ്പെടുത്തിയിട്ടില്ല)സൈനബ മഞ്ഞളാം പറമ്പത്ത് കദളിക്കാട്ടിൽ എന്ന വ്യക്തിയിൽ നിന്ന് ഗുണഭോക്തൃ വിഹിതമിനത്തിൽ 915/- ഈടാക്കിയിട്ടുണ്ട്.എന്നാൽ ഈ തുക കളക്ഷൻ രജിസ്റ്ററിൽ ചേർക്കുകയോ പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കുകയോ ചെയ്തിട്ടില്ല. കളകക്ഷൻ രജിസ്റ്ററിൽ ഈ രസീത് കാൻസൽ ചെയ്തതായി രേഖപ്പെടുത്തുകയോ രസീതിയുടെ ഡ്യൂപ്ളിക്കേറ്റ് രസീതി പുസ്തകത്തിൽ സൂക്ഷിക്കുകയോ തെയ്തിട്ടില്ല.

കൃഷിഭവനിലേക്ക് തന്നെ അനുവദിച്ച രസീതി ബുക്കിൽ നിന്ന് 13200/84 രസീതിയുടെ ഒറിജിനൽ കീറിക്കളഞ്ഞിട്ടുണ്ട്. ടി രസീതി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.കളക്ഷൻ രജിസ്റ്ററിൽ ടി രസീതി പ്രകാരം അടവൊന്നും രേഖപ്പെടുത്തിയിട്ടില്ല.
അപാകതക്ക് വിശദീകരണം ആവശ്യപ്പട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.21/15.09.23 പ്രകാരം 17411/23 രസീതി പ്രകാരം അടവാക്കേണ്ട 915/- രൂപ രസീതി നമ്പർ 1230701070/G101302 തീയതി 18.09.2023 പ്രകാരം അടവാക്കിയിട്ടുണ്ട്.
രസീതി ബുക്കിൽ നിന്ന് 13200/84 രസീതിയുടെ ഒറിജിനൽ കീറിക്കളഞ്ഞതുമായി ബന്ധപ്പെട്ട അപാകതക്ക് നല്കിയ മറുപടി ലഭ്യമാക്കിയിട്ടില്ല. രസീത് പ്രകാരം ഗുണഭോക്താവിൽ നിന്ന് പിരിച്ചെടുത്ത തുക പഞ്ചായത്തിൽ അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

1-17 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അധികതുക നൽകി

നിർവഹണോദ്യോഗസ്ഥൻ	അസി.സെക്രട്ടറി
പ്രൊജക്ടിന്റെ പേര്/ നം	പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - 325/23
അടങ്കൽ	770000 (വികസന ഫണ്ട്-Scp-546000, തനത്ഫണ്ട് - 24000, ജില്ലാ പഞ്ചായത്ത്-200000)
ചെലവ്	605000 (വികസന ഫണ്ട്-Scp-540000, തനത്ഫണ്ട് - 0, ജില്ലാ പഞ്ചായത്ത്-65000)
ബിൽ നം.	BRN 221505520323011824 01/13.02.23-540000/- BRN 221505520323013707 98/16-03-23-65000/-

ഗ്രാമപഞ്ചായത്തിലെ എസ് സി വിദ്യാർത്ഥികൾക്ക് പഠിക്കുന്ന കോഴ്സിനനുസരിച്ച് സ്കോളർഷിപ്പ് അനുവദിക്കുന്നതിനാണ് മേൽ പ്രൊജക്ട് പ്രകാരം തുക ചെലവുചെയ്തിട്ടുള്ളത്. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർത്ത വിദ്യാർത്ഥിക്ക് അർഹതപ്പെട്ട തുകയേക്കാൾ കൂടുതൽ സ്കോളർഷിപ്പ് നൽകിയിട്ടുള്ളതായി വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വിദ്യാർത്ഥിയുടെ പേര് / പഠിക്കുന്ന കോഴ്സ് അക്കൌണ്ട് നമ്പർ	സ്കോളർഷിപ്പ് നൽകിയതിന്റെ വിശദാംശങ്ങൾ (നൽകാവുന്ന തുക -15000)	അധികം നൽകിയത്
ശ്രേയ വി പി D Pharm Canara Bank, BP Angadi-1025101068988	25000 BRN 221505520323013707 98/16-03-23	10000

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 115/2022 ത.സ്വ.ഭ.വ തിയ്യതി 28.05.2022 ഖണ്ഡിക 7.2.4(i) പ്രകാരം പ്ലസ്ടുവിന് ശേഷമുള്ള മറ്റ് സർക്കാർ അംഗീകൃത റെഗുലർ കോഴ്സിന് പഠിക്കുന്ന കുട്ടിക്ക് നൽകാവുന്ന

പരമാവധി സ്കോളർഷിപ്പ് 15000/-രൂപയാണ്. മേൽ ചേർത്തിരിക്കുന്ന വിദ്യാർത്ഥിക്ക് 25000/- രൂപ അനുവദിച്ചതിലൂടെ 10000/- രൂപ അധികം നൽകിയിട്ടുണ്ട്. അപാകതക്ക് വിശദീകരണം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറി(9/12.09.2023)ക്ക് അധികം നൽകിയ സ്കോളർഷിപ്പ് തുക അടുത്തസാമ്പത്തിക വർഷം നൽകുന്ന സ്കോളർഷിപ്പ് തുകയിൽ നിന്നും കുറവു വരുത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അധികം നൽകിയ സ്കോളർഷിപ്പ് തുക ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-18 മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല

നിർവഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ (പി എച്ച് സി)
പ്രൊജക്ടിന്റെ പേര്- ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ
പ്രൊജക്ട് നം-10/2023
അടങ്കൽ-300000 (മെയിന്റനൻസ് ഫണ്ട്-റോഡിതരം)
ചെലവ്- 300000

BRN . 22150552039800679238/21.10.2022 – 3,00,000/-
തലക്കാട് ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിന് HOMCO ക്ക് അവരുടെ പ്രൊഫോർമ ഇൻവോയ്സ് PF303/15.09.22 പ്രകാരം 300000/- രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. ആയതിൽ 154356/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. വിശദവിവരം താഴെ കൊടുക്കുന്നു.

ഇൻവോയിസ് നം	തിയ്യതി	തുക
LF 416	01.07.23	154356/-

അവശേഷിക്കുന്ന 145644/- രൂപയുടെ മരുന്ന് ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറി(17/13.09.2023)ക്ക് ഹോംകോക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അവശേഷിക്കുന്ന മരുന്ന് ലഭ്യമായാലുടൻ വിവരം അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിൽ എടുത്ത് വിവരം അറിയിക്കേണ്ടതാണ്.

1-19 നീതി സ്റ്റോറിൽ നിന്നും മരുന്ന് വാങ്ങിയത് സംബന്ധിച്ച്

നിർവഹണോദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)
1.പ്രോജെക്ട് : 16/2023 (മരുന്ന് വാങ്ങൽ)
അടങ്കൽ : 780000 (തനത് ഫണ്ട്- 205000, മെയിന്റനൻസ് ഫണ്ട് റോഡിതരം-575000)
ചെലവ് : 779997 (തനത് ഫണ്ട്- 204998, മെയിന്റനൻസ് ഫണ്ട് റോഡിതരം-574999)

2. പ്രോജെക്ട് : 313/2023 (അതിദരിദ്രർക്കുള്ള മൈക്രോപ്ലാൻ - മരുന്ന് പാലിയേറ്റീവ് മറ്റ് ചികിത്സാ ചെലവുകൾ)
അടങ്കൽ : 136000 (വികസന ഫണ്ട്-ജനറൽ- 136000)
ചെലവ് : 93694

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 115/2022ത.സ്വ.ഭ.വ തിയ്യതി 28.05.2022 ഖണ്ഡിക 7.6.4(1)(i)പ്രകാരം അലോപ്പതി മരുന്നുകൾ കെ.എം.എസ്.സി.എല്ലിൽ നിന്നും മാത്രമേ വാങ്ങാവൂ. കെ.എം.എസ്.സി.എല്ലിൽ നിന്നും മരുന്ന് ലഭിക്കാൻ കാലതാമസം വന്നാൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഡിപ്പോയിൽ നിന്നും വാങ്ങാം. ഇവിടെ നിന്നും മരുന്ന് ലഭ്യമാകാൻ കാല താമസം വന്നാൽ അത്യാവശ്യ മരുന്നുകൾ വാങ്ങാവുന്ന സ്ഥാപനങ്ങളുടെ പട്ടികയിൽ മാത്രമാണ് സ.ഉ.(സാധാ)നം.2243/2022/LSGD തിയതി 15.09.2022 പ്രകാരം സഹകരണ വകുപ്പിന് കീഴിലുള്ള നീതി സ്റ്റോറിനെ കൂടി ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ മരുന്ന് വാങ്ങൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ മുഴുവൻ മരുന്നുകളും നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും വാങ്ങിയതായി കാണുന്നു. പ്രോജെക്ട് നം.16/2023 (മരുന്ന് വാങ്ങൽ) പ്രകാരം മരുന്ന് വാങ്ങിയതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

ബിൽ റഫറൻസ് നമ്പർ	തുക	നീതിസ്റ്റോറിന്റെ ഇൻവോയ്സ് നമ്പർ	തുക
22150552039800453890/23.08.22	520170/-	2223276102634/05.08.22	101706/-
		2223276102663/05.08.22	418464/-
22150552039800794003/19.11.22	2053/-	2223221100605/17.05.22	2053/-
22150552039800953822/22.12.22	52776/-	2223221103215/21.11.22	48728/-
		2223221103330/29.11.22	4048/-
Vr No. 42201401/G101302 /25-03-2023	204998	2223221104113/23.01.23	10449/-
		2223221104264/04.02.23	194549/-

ആകെ	779997/-

പ്രോജെക്ട് നം.313/2023 (അതിദരിദ്രർക്കുള്ള മൈക്രോപ്ലാൻ - മരുന്ന് പാലിയേറ്റീവ് മറ്റ് ചികിത്സാചെലവുകൾ) മരുന്ന് വാങ്ങിയതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

ബിൽ റഫറൻസ് നമ്പർ	തുക	നീതിസ്റ്റോറിന്റെ ഇൻവോയ്സ് നമ്പർ	തുക
221505520398013959 44/18.03.23	93694/-	2223221104529/23.02.23	75437/-
		2223221104737/10.03.23	18257/-
ആകെ			93694

മുഴുവൻ മരുന്നുകളും നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും വാങ്ങുവാനുണ്ടായ സാഹചര്യം വ്യക്തമാക്കാനായി ഓഡിറ്റ് എൻക്വയറി(18/13.09.2023) നൽകിയതിന് കെ എം സി എൽ, കാരുണ്യ എന്നിവക്ക് മുൻകൂറായി പണം കൊടുത്തിട്ടും മരുന്ന് ലഭ്യമല്ലാത്ത അവസ്ഥ വരുന്നതിനാലും 2022-23 കാലത്തേക്ക് മരുന്നിന്റെ ക്ഷാമം രോഗികൾക്ക് അനുഭവപ്പെടാൻ പാടില്ല എന്ന ഉദ്ദേശത്തോട് കൂടിയാണ് നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും വാങ്ങിയതെന്നാണ് മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതും പദ്ധതികൾ നടപ്പിലാക്കുമ്പോൾ സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളും സർക്കാർ കാലാകാലങ്ങളിലായി പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെ നിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്.

1-20 കിച്ചൺവേസ്റ്റ് ഡൈജസ്റ്റർ ബിൻ മുഴുവനായി വിതരണം ചെയ്തിട്ടില്ല

നിർവഹണോദ്യോഗസ്ഥൻ : വി ഇ ഒ

പ്രൊജക്ടിന്റെ പേര് : കിച്ചൺവേസ്റ്റ് ഡൈജസ്റ്റർ

പ്രൊജക്ട് നം : 293/2023

അടങ്കൽ : 1003520 (ധനകാര്യകമ്മീഷൻ അവാർഡ്, തനത്ഫണ്ട്-3200, മറ്റുള്ളവ- 100320)

ചെലവ് : 900000 (ധനകാര്യകമ്മീഷൻ അവാർഡ്)

വൗച്ചർ നം. : 22201678/30.03.2023 - 9,00,000/-

മേൽപദ്ധതി പ്രകാരം സ്കൂപ്പി ഇന്നോവേഷൻ പ്രൈ.ലിമിറ്റഡ്, വണ്ടൂർ എന്ന സ്ഥാപനത്തിൽനിന്നും 160 (ഇൻവോയിസ് നം.119/27.03.23- 1002400/-) കിച്ചൺവേസ്റ്റ് ഡൈജസ്റ്റർ ബിൻ വാങ്ങിയിട്ടുണ്ട്. ഒരു കിച്ചൺ വെസ്റ്റ് ബിന്നിന് 5640/- രൂപ പ്ലാൻ ഫണ്ടും 625/- രൂപ ഗുണഭോക്തൃവിഹിതവുമായാണ് ഫണ്ട് വകയിരുത്തിയിട്ടുള്ളത്. ആയതിൽ മേൽ ബിൽ പ്രകാരം 9,00,000/- രൂപ പ്ലാൻ ഫണ്ട് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ പരിശോധിച്ചതിൽ 97 ബിന്നുകളേ വിതരണം ചെയ്തതായി കാണുന്നുള്ളൂ. അവശേഷിക്കുന്ന ബിന്നുകൾ വിതരണം ചെയ്യാത്തതിന് വിശദീകരണം ലഭ്യമാക്കാനായി ഓഡിറ്റ് എൻക്വയറി (31/19.09.23) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കുന്നതു വരെ വിതരണം ചെയ്യാത്ത ബിന്നുകളുടെ വില 3,94,695/- രൂപ (63* 6265) തടസ്സം ചെയ്യുന്നു.

1-21 ലൈഫ് ഭവന പദ്ധതി- ഗുണഭോക്താക്കൾ ഭവന നിർമാണം പൂർത്തീകരിച്ചിട്ടില്ല

നിർവഹണോദ്യോഗസ്ഥൻ : വി ഇ ഒ

1. മുൻ വർഷങ്ങളിൽ ലൈഫ് ഭവന പദ്ധതിക്കു (ജനറൽ) വേണ്ടി ധനസഹായം അനുവദിച്ച താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും ഭവന നിർമാണം പൂർത്തീകരിച്ചിട്ടില്ല. നിർമാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര് , വിലാസം	നാളിതുവരെ കൈപ്പറ്റിയ തുക	ആദ്യ ഗഡു കൈപ്പറ്റിയ തീയതി
1	ശാന്ത W/O രവീന്ദ്രൻ കള്ളിത്തൊടി വീട്	3,00,000	10.07.2018
2	മൊയ്തീൻ പാറപറമ്പിൽ	40000	16.08.2018
3	ജമീല W/O സലീം രാമിൽകുട്ടിക്കാനകത്ത്	3,60,000	12.03.2019
4	ഫൗസിയ D/O നഫീസ ചെപ്പോന്റെ പറമ്പിൽ	3,60,000	12.03.2019
5	ഖദീജ W/O ബഷീർ കൊല്ലരിക്കൽ	260000	12.03.2019
6	പുഷ്പ	340000	07.03.2022

	പാടഞ്ചേരി		
7	ലത W/O സുരേഷ് കുമാർ തട്ടാൻപറമ്പിൽ	180000	14.03.2022

2) മുൻ വർഷങ്ങളിൽ ലൈഫ് ഭവന പദ്ധതിക്കു (എസ് സി) വേണ്ടി ധനസഹായം അനുവദിച്ച താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും ഭവന നിർമാണം പൂർത്തീകരിച്ചിട്ടില്ല . നിർമാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര് , വിലാസം	നാളിതുവരെകൈപ്പറ്റിയ തുക	ആദ്യ ഗഡു കൈപ്പറ്റിയ തീയതി
1	സ്മിത W/O സുരേഷ് ബാബു കറുത്താരപ്പടി	3,40,000	22.02.2021
2	വേലായുധൻ കറുത്താരപ്പടി	3,40,000	22.02.2021
3	സുനിത കൂട്ടുപറമ്പിൽ	3,40,000	31.03.2021
4	പാറു മേമണ	3,40,000	22.02.2021
5	ഉചിത പ്രിയ ഭഗവതിപള്ളിയാലിൽ	360000	10.03.2021
6	ഷീബ ആറുകണ്ടത്തിൽ	180000	10.03.2021
7	മുകുന്ദൻ പുന്നശ്ശേരി	3,40,000	10.03.2021
8	സീമ തറയപറമ്പിൽ	3,00,000	16.08.2021
9	ബേബി ചുള്ളിപറമ്പിൽ	3,40,000	16.08.2021
10	സിൻസി പള്ളിപറമ്പിൽ	340000	15.03.2022

മേൽ ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത സാഹചര്യം സംബന്ധിച്ച് / പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് മറുപടി ലഭ്യമാക്കാനായി ഓഡിറ്റ് എൻകയറി (32/19.09.23) നൽകിയിരുന്നതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-22 തനത് ഫണ്ടിൽ നിന്നുള്ള ചെലവുകളുടെ രജിസ്റ്ററുകളും രേഖകളും പരിപാലിക്കുന്നില്ല.

2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പരിപാലിക്കേണ്ട താഴെ പറയുന്ന രജിസ്റ്ററുകളും ഫയലുകളും പരിപാലിക്കുന്നില്ല

I. പ്രവർത്തനക്ഷമമായ തെരുവു വിളക്കുകളുടെ എണ്ണം, ഇനം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്ററുകൾ.

പ്രവർത്തന ക്ഷമമായ തെരുവുവിളക്കുകളുടെ എണ്ണം സംബന്ധിച്ച് KSEB യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയ രേഖകൾ.

തെരുവു വിളക്ക് റിപ്പയർ രജിസ്റ്റർ (സർക്കുലർ നം. 3055/ ഡി എ3/2011/തസ്വഭവ. തീയതി, 15-9-11 പഞ്ചായത്ത് ഡയറക്ടറുടെ ജി2-44274/2015 തീയതി, 17-8-15 എന്നിവ കാണുക)

II. പ്രവർത്തനക്ഷമമായ പൊതു വാട്ടർ ടാപ്പുകളുടെ എണ്ണം രേഖപ്പെടുത്തിയ രജിസ്റ്ററുകൾ.

പ്രവർത്തനക്ഷമമായ പൊതു വാട്ടർ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് KWA യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയ രേഖകൾ.(ജി.ഒ.(ആർ.ടി.)1501/2006 ത.സ്വ.ഭ.വ. തീ. 23.06.2006 കാണുക)

III. കേരള പഞ്ചായത്ത് രാജ് - ദുരിതാശ്വാസ നിധി ചട്ടങ്ങൾ പ്രകാരം പരിപാലിക്കേണ്ട ദുരിതാശ്വാസ നിധി ഫയലുകൾ , ക്യാഷ്ബുക്ക്, മിനുട്സ് ബുക്കുകൾ, രശീതികൾ, വരവു- ചെലവു കണക്കുകൾ സംബന്ധിച്ച രേഖകൾ(കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും പ്രസക്ത ചട്ടങ്ങൾ കാണുക)

IV അസാധാരണചെലവ് രജിസ്റ്ററും അനുബന്ധ രേഖകളും(2011 ലെ കേരള പഞ്ചായത്ത് രാജ് അസാധാരണ ചെലവുകൾ ചട്ടങ്ങൾ പ്രകാരം)

V ഔദ്യോഗിക വാഹനം, ഹരിത കർമസേനയുടെ വാഹനം എന്നിവയുടെ ഇന്ധന ഓർഡർ ബുക്ക്, റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ,ഇന്ധനത്തിന്റേയും എണ്ണയുടേയും ഉപയോഗം കാണിക്കുന്ന ഫ്യൂവൽ രജിസ്റ്റർ, ഇന്ധനക്ഷമതാ സാക്ഷ്യ പത്രം.(സ.ഉ.(പി) 803/ഫിൻ തീയതി, 13-11-1970, കെ.എഫ്.സി. വാല്യം I , ആർട്ടിക്കിൾ 324, സ.ഉ.(പി) 161/2016 ഫിൻ 31-03-06)

VI. ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ, ജനറൽ സ്റ്റോക്ക് രജിസ്റ്ററുകൾ (പ്രൊക്വയർമെന്റ് മാർഗ്ഗരേഖ, സ്റ്റോർ പർചേയ്സ് മാന്വൽ പ്രകാരം)

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 12/12.09.23) മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല. ആയതിനാൽ മേൽ പറഞ്ഞ രേഖകൾ എഴുതി കാലികമാക്കി പരിപാലിച്ചു പോരേണ്ടതാണ്.

1-23 വിവിധ നിർവഹണ ഏജൻസികൾക്ക് കൈമാറിയ തുകകൾ - വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്.

2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി വിവിധ നിർവഹണ ഏജൻസികൾക്ക് കൈമാറിയ തുകകൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമനം	പ്രൊജക്ട് നമ്പറും പേരും	അടങ്കൽ തുക ഫണ്ടിനം	ചെലവു തുക	നിർവഹണ ഏജൻസി	ഹാജരാക്കേണ്ട രേഖകൾ
1	AHM സബ്സെന്റർ നിർമാണം- ഗ്രാമ പഞ്ചായത്ത് വിഹിതം കൈമാറൽ	460000/- പൊതു വിഭാഗം സാധാരണ വിഹിതം	218337/- (BRN 22150552006400939 85/ 20.12.2022 241663/- (BRN 22150552006401187462/ 14.12.2022 ആകെ 460000/-	ജില്ലാആരോഗ്യ – കുടുംബക്ഷേമ സൊസൈറ്റി, മലപ്പുറം	വിനിയോഗ/ പൂർത്തീകരണ സാക്ഷ്യ പത്രം
2	292/23- വാലില്ലാ പുഴയിൽ ഷട്ടർ സ്ഥാപിക്കൽ	2835900/- (ധനകാര്യക്കമ്മീഷൻ അവാർഡ്)	2835900/- (Vr.No. 22201056/09.11.22)	ജലസേചന വകുപ്പ്, മലമ്പുഴ	വിനിയോഗ/ പൂർത്തീകരണ സാക്ഷ്യ പത്രം
3	301/23- വാലില്ലാ പുഴയിൽ ഷട്ടർ സ്ഥാപിക്കൽ- രണ്ടാംഘട്ടം	3075320/- (ധനകാര്യക്കമ്മീഷൻ അവാർഡ്)	1755620/- (22201206/21.12.2022 22201631/24.03.23 445000/- ആകെ : 2200620	ജലസേചന വകുപ്പ്, മലമ്പുഴ	വിനിയോഗ/ പൂർത്തീകരണ സാക്ഷ്യ പത്രം
4	321/23- സ്ട്രീറ്റ് ലൈനുകൾ വർധിപ്പിക്കൽ	1182800/- (ധനകാര്യക്കമ്മീഷൻ അവാർഡ്) 60003/-(പൊതു വിഭാഗം- സാധാരണ വിഹിതം)	23704/- 36299/- (പൊതു വിഭാഗം- സാധാരണ വിഹിതം) 200000/- (ധനകാര്യക്കമ്മീഷൻ	KSEB തലക്കാട്	വിനിയോഗ/ പൂർത്തീകരണ സാക്ഷ്യ പത്രം

			അവാർഡ്) Vr.No.222001661/29.03.23 ആകെ : 260003		
5	302/23- ആനപ്പടി സബ്സെന്റർ, കുഴൽകിണർ അറ്റകുറ്റപ്പണി	22084/- തനത് ഫണ്ട്	22084/- (Vr. No.22201229/ 29.12.22)	ഭൂഗർഭജല വകുപ്പ് കാര്യാലയം, മലപ്പുറം	വിനിയോഗ/ പൂർത്തീകരണ സാക്ഷ്യ പത്രം
6	10, 11 വാർഡുകളിലെ വെങ്ങാലൂർ, ആനപ്പടി അങ്കണവാടിക ഇലക്ട്രിഫിക്കേഷന വേണ്ടി KSEB ക്ക് നൽകിയ തുക	72251/- തനത്ഫണ്ട് ചെലവ്	72251/- Vr.No. 22200361/15.06.2022	KSEB, തിരുന്നാവായ സെക്ഷൻ	വിനിയോഗ/ പൂർത്തീകരണ സാക്ഷ്യ പത്രം
7	പൂക്കൈത-കൂത്തോലിക്കടവ് റോഡിൽ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് നൽകിയ തുക	16996/- തനത്ഫണ്ട് ചെലവ്	16996 Vr.No.22200360/15.06.2022	KSEB, ആലത്തിയൂർ സെക്ഷൻ	വിനിയോഗ/ പൂർത്തീകരണ സാക്ഷ്യ പത്രം
	ആകെ		5867854		

മേൽ പറഞ്ഞ പ്രൊജക്ടുകളുടെ നിർവഹണവുമായി ബന്ധപ്പെട്ട് മേൽ പട്ടികയിലെ 6-ാം കോളത്തിൽ പറഞ്ഞ രേഖകൾ പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 27/18.09.23) ന് മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല. ആയതിനാൽ മേൽ പറഞ്ഞ തുകകളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യ പത്രം പരിശോധനക്ക് ഹാജരാക്കുന്നത് വരെ 5867854 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-24 ടെണ്ടർ ഫീ പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ SBI യുടെ ബി.പി അങ്ങാടി ശാഖയിൽ 35162361713 നമ്പറായി അക്കൗണ്ട് ഉണ്ട്. മുൻ വർഷങ്ങളിൽ ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ ഒടുക്ക് വരുത്തിയ തുകയുൾപ്പെടെ ഇ-ടെണ്ടർ ഫീസ് ഇനത്തിൽ നാളിതു

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (1/11.9.2023) മറുപടിയായി 2020 ജൂൺ മുതൽ തലക്കാട് ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ താൽക്കാലിക ചുമതലയുള്ളവർ ആയിരുന്നെന്നും 20.06.22 നാണ് സ്ഥിരമായി നിയമനം ഉണ്ടായതെന്നും നിർവ്വഹണ ഉദ്യോഗസ്ഥരുടെ മാറ്റം കാരണം ബാങ്കിൽ നിന്നും മാപ്പിംഗിനായുള്ള നടപടികൾ വൈകുന്നതാണ് എന്നും അറിയിച്ചു. ആയതിനാലാണ് ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിലേക്ക് ലഭ്യമാക്കുന്നതിന് കഴിയാതെ വന്നതെന്ന മറുപടി യുക്തിസഹമല്ല. സ്ഥിരം അസിസ്റ്റന്റ് എഞ്ചിനീയറെ നിയമിച്ച് 15 മാസങ്ങൾക്ക് ശേഷവും നടപടികൾ പൂർത്തിയാക്കാത്തത് ശരിയല്ല. അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ സ്റ്റേറ്റ് മെന്റ് പ്രകാരം 2022-23 വർഷം മാത്രം 82642 രൂപ ഇ-ടെണ്ടർ ഫീ ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുണ്ട്. മുൻവർഷങ്ങളിലേതുൾപ്പെടെ ഈയിനത്തിലെ മുഴുവൻ തുകയും ലഭ്യമാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-25 അസിസ്റ്റന്റ് എഞ്ചിനീയർ-കാഷ്ബുക്ക് പരിപാലിക്കുന്നതിൽ അപാകത

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92

പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്.

അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓഫീസിലെ കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിച്ചിട്ടില്ല എന്ന് വ്യക്തമായി.

അപാകതകൾ താഴെ നൽകുന്നു.

1. കാഷ്ബുക്ക് ദിനേന, പ്രതിമാസ/വാർഷിക ക്ലോസിംഗ് നടത്തിയിട്ടില്ല.
2. അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് , അക്കൗണ്ടിലെ വരവ്, ചെലവ്, നീക്കിയിരുപ്പ് വിവരങ്ങൾ കാഷ്ബുക്കിൽ ചേർത്തിട്ടില്ല. ലഭ്യമാക്കിയ ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം (A/C Number 35162361713 SBI Current BAccount) 31.3.23 ന് 34825 രൂപ നീക്കിയിരിപ്പുണ്ട്.

കാഷ്ബുക്കിലെ മേൽ പരാമർശിച്ച അപാകതകൾ പരിഹരിച്ച് കാഷ്ബുക്ക് എഴുതി പൂർത്തീകരിച്ച് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (ഓഡിറ്റ് എൻക്വയറി 23/15.09.2023) മറുപടിയായി കാഷ് ബുക്ക് എഴുതുന്നതിലെ അറിവില്ലായ്മ കാരണമാണ് അപാകതകൾ സംഭവിച്ചത് എന്നറിയിച്ചു. അന്വേഷണക്കുറിപ്പിനുള്ള മറുപടിയോടൊപ്പം കാഷ്ബുക്ക് എഴുതി പൂർത്തിയാക്കി പരിശോധനക്ക് സമർപ്പിക്കുകയും ചെയ്തു.

1-26 സ്കൂളുകളിലെ അനധികൃത കെട്ടിടങ്ങൾ - തുടർ നടപടി വിവരം ലഭ്യമാക്കണം

ഗ്രാമപഞ്ചായത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് വേണ്ടി വിവിധ സ്കൂളുകൾ സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ പ്രസ്തുത അപേക്ഷയിൽ അവകാശപ്പെട്ട കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിൽ നമ്പർ നൽകി അധികൃതമാക്കപ്പെട്ടിട്ടില്ല എന്ന് വ്യക്തമായി.വിശദ വിവരം താഴെ നൽകുന്നു.

സ്കൂൾ	പഞ്ചായത്ത് ലഭ്യമാക്കിയ നമ്പർ നൽകിയ കെട്ടിടത്തിന്റെ വിവരം- (ച.മീറ്ററിൽ)	ഫിറ്റ്നസ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷയിൽ അവകാശപ്പെട്ട ക്ലാസ്സ് മുറികളുടെ വിസ്തീർണ്ണം (ച.മീറ്ററിൽ)
AMUPS കാഞ്ഞിരക്കോൽ	279.94	4742.90
GLPS മാങ്ങാട്ടിരി	196	144
AMLPS തെക്കൻ കുറ്റൂർ	785.77	443.10
AMLPS പുല്ലൂർ	630.75	4414.32
GLPS തെക്കൻ കുറ്റൂർ	170	180
PKUMLPS തേവലപ്പുറം	150	3000
GLPS ബി.പി അങ്ങാടി	254	6760
DSLPS കുറ്റൂർ	280	168.94
GVHSS Girls ബി.പി അങ്ങാടി	510	2298.24+ Auditorium Etc
GMUPS ബി.പി അങ്ങാടി	700	828

[കുറിപ്പ് ** ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് നൽകുന്ന അപേക്ഷയിൽ ക്ലാസ്സ് മുറികളുടെ വിവരം മാത്രമാണ് രേഖപ്പെടുത്തുന്നത് എന്നതിനാൽ യഥാർത്ഥത്തിലുള്ള കെട്ടിട വിസ്തീർണ്ണം മുകളിലെ പട്ടികയിൽ പരാമർശിച്ചതിലും വളരെയധികം വർധിച്ചേക്കാം] ഗ്രാമപഞ്ചായത്തിലെ ഏതാനും സ്കൂളുകളുടെ ഫിറ്റ്നസ് അപേക്ഷ അടിസ്ഥാനമാക്കി നടത്തിയ പരിശോധനയിലാണ് സ്കൂളുകളിൽ അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമായത്.

അനധികൃത നിർമ്മാണങ്ങൾക്കെതിരെ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. (എൻക്വയറി 25/16.09.2023) എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടിയായി സ്കൂൾ കെട്ടിടങ്ങൾ അധികൃതമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതായി അറിയിച്ചു. തുടർനടപടികളുടെ പുരോഗതി വിവരം അറിയിക്കേണ്ടതാണ്.

1-27 സർക്കാർ നിർദ്ദേശം പാലിക്കാതെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകി

സംസ്ഥാനത്തെ പ്രീ പ്രൈമറികൾ ഉൾപ്പെടെയുള്ള സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടത് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗമാണ്. ഇത്തരത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത് എങ്ങനെയായിരിക്കണം എന്ന് വ്യക്തമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് വിവിധ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1.തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12.09.2011 ലെ 42448/ഇ.ഡബ്ല്യു3/11/ത.സ്വ.ഭ.വ നമ്പർ സർക്കുലർ

2.തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.12.16 ലെ792455/ഇ.ഡബ്ല്യു3/2016/ത.സ്വ.ഭ.വ നമ്പർ സർക്കുലർ

3.തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.07.2019 ലെ ഇ.ഡബ്ല്യു3/104/2019-ത.സ്വ.ഭ.വ നമ്പർ സർക്കുലർ

4.തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.01.2020 ലെ ഇ.ഡബ്ല്യു3/330/2019/ ത.സ്വ.ഭ.വ നമ്പർ സർക്കുലർ

5.തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15.02.21 ലെ ഇ.ഡബ്ല്യു3/179/2020ത.സ്വ.ഭ.വ നമ്പർ സർക്കുലർ

സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടത് എങ്ങനെയായിരിക്കണം എന്നതിന് അടിസ്ഥാന നിർദ്ദേശങ്ങൾ നൽകിയത് 12.09.2011 ലെ മേൽ സൂചിപ്പിച്ച സർക്കുലറിലാണ് . മേൽ സർക്കുലറുകളിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ നൽകുന്നു.

- കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായിരിക്കണം.
- കെട്ടിടം നിർമ്മിക്കുന്നതിന് മുമ്പ്തന്നെ ബന്ധപ്പെട്ട എഞ്ചിനിയർമാർക്ക് Plan, Estimate, Structural Drawing, Soil Investigation Details എന്നിവ പരിശോധനക്ക് നൽകിയിരിക്കണം.
- എഞ്ചിനിയർമാരുടെ മേൽനോട്ടത്തിൽ മാത്രമെ പ്രവൃത്തികൾ ചെയ്യാൻ പാടുള്ളൂ.
- സൂപ്പർവിഷൻ ചാർജ്ജായി 1.25% അടക്കേണ്ടതാണ്.
- ഫിറ്റ്നസ് ആവശ്യമായ എല്ലാ പ്രവൃത്തികളും രൂപകൽപ്പന മുതൽ പൂർത്തീകരണംവരെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനിയറുടെ സാങ്കേതിക മേൽനോട്ടത്തിൽ തന്നെ നിർവഹിക്കേണ്ടതാണ്.

പരിശോധനയിൽ വ്യക്തമായ അപാകതകൾ താഴെ നൽകുന്നു.

1) കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമാണോ എന്ന് പരിശോധിച്ചിട്ടില്ല.

2) പഞ്ചായത്തിൽ നിന്ന് നമ്പർ നൽകാത്ത അനധികൃത നിർമ്മിതികൾക്ക് ഉൾപ്പെടെ ഫിറ്റ്നസ് നൽകി.

3) എഞ്ചിനിയറുടെ മേൽനോട്ടത്തിലല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള റിപ്പോർട്ടുകൾ ഇല്ലാതെ സമർപ്പിച്ച അപേക്ഷകളിലും ഫിറ്റ്നസ് നൽകി.

4) സർക്കാർ നിർദ്ദേശിച്ച ആദ്യതവണ ഫീസ് ഈടാക്കിയോ എന്ന് ഉറപ്പ് വരുത്താതെയാണ് ഫിറ്റ്നസ് നൽകിയത്.

സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. (Enquiry Number : 24/16.09.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

1-28 ഡ്രെയിനേജ് പ്രവൃത്തികൾക്ക് തെറ്റായ നിരക്ക് അനുവദിക്കുന്നത്

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ പ്രവൃത്തികളിൽ ഡ്രൈനേജ് നിർമ്മിക്കുന്നതിന് മണ്ണ് നീക്കുന്നതിന് Mord Data 3.5.1 പ്രകാരം '' Excavation In Cutting In Soil By Manual Means'' അനുസരിച്ചുള്ള നിരക്കാണ് അനുവദിച്ച് നൽകിയത്.

Excavation In Cutting In Soil എന്ന പ്രവൃത്തിക്ക് Mord Data പ്രകാരം മൂന്ന് വ്യത്യസ്ത നിരക്കുകൾ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

ഇനം	കരാർ പ്രവൃത്തിക്ക് നൽകാവുന്ന നിരക്ക് നിരക്ക് (36.44% Cost Index
3.5.1 - Excavation In Cutting In Soil By Manual Means	360.75/ M^3
3.5.2 - Excavation In Cutting In Soil By Using Dozer	84.50/ M^3
3.5.3 - Excavation In Cutting In Soil By Using Hydrolic Excavator	36.20/ M^3

മരാമത്ത് പ്രവൃത്തി നടത്തുമ്പോൾ ഗുണനിലവാരമുള്ള പ്രവൃത്തി ഏറ്റവും കുറഞ്ഞ ചെലവിൽ നടപ്പാക്കുകയാണ് ചെയ്യേണ്ടത്. അതിനാൽത്തന്നെ ഹൈഡ്രോളിക് എക്സ്കവേറ്റർ ഉപയോഗിക്കാൻ സാധിക്കുന്ന പ്രവൃത്തികളിൽ അതനുസരിച്ചുള്ള നിരക്ക് അനുവദിക്കുന്നതിനു പരിഗണിക്കേണ്ടതാണ്. മണ്ണ് നീക്കുന്നതിന് യന്ത്ര സംവിധാനം ഉപയോഗിക്കാൻ സാധിക്കുന്ന സ്ഥലത്താണ് പ്രവൃത്തി നടത്തിയത് എങ്കിൽ അതിനനുസരിച്ചുള്ള നിരക്കാണ്

അനുവദിക്കേണ്ടത്.

ഏതാനും പ്രവൃത്തികളുടെ വിവരം താഴെ നൽകുന്നു.

പ്രൊജക്ട്	കിളച്ചെടുത്ത മണ്ണിന്റെ അളവ്(ക്യൂബിക് മീറ്റർ)
84/22-23 കെ.പി അഹമ്മദുണ്ണി റോഡ്	46.948
42/23 കുറുങ്ങാട്ട് നടപ്പാത	11.544
48/23 രാമനാലി ഡ്രെയിനേജ്	21.43
45/23 മരക്കാർ റോഡ്	9.997
37/23 എസ്.സി ശ്മശാനം പടിഞ്ഞാറു ഭാഗം റോഡ്	11.304

യന്ത്ര സംവിധാനം ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിന് സാധിക്കുന്ന പ്രവൃത്തികളിൽ അത് ഉപയോഗിച്ച് പ്രവൃത്തി ചെയ്യുന്നതിനുള്ള നിരക്കായിരുന്നു അനുവദിച്ച് നൽകേണ്ടിയിരുന്നത്. എന്നാൽ ഈ പ്രവൃത്തിയിൽ ഉയർന്ന നിരക്കുള്ള Excavation In Cutting In Soil By Manual Means എന്ന നിരക്കാണ് (360.73/(ക്യൂബിക് മീറ്റർ))അനുവദിച്ച് നൽകിയത്. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഈ നിരക്ക് അനുവദിക്കുന്നതിന് കാരണമൊന്നും വ്യക്തമാക്കിയിട്ടില്ല.
വാഹന സൗകര്യമുള്ള സ്ഥലങ്ങളിൽ യന്ത്ര സംവിധാനമുപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള ഇനം ഉപയോഗിക്കാതെ ഉയർന്ന നിരക്കുള്ള ഇനം പ്രവൃത്തി എസ്റ്റിമേറ്റിൽ അനുവദിച്ച് നൽകിയതിനും അതുവഴി പ്രവൃത്തിക്ക് അധിക ചെലവ് വന്നിട്ടുണ്ടോയെന്ന് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്. പ്രവൃത്തികൾ പരിശോധിച്ച് കരാറുകാർക്ക് നൽകിയ അധിക തുക തിരിച്ചടവാക്കി അറിയിക്കേണ്ടതാണ്.(Enquiry 29/18.9.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

1-29 അസി.എഞ്ചിനീയറുടെ ഓഫീസിലെ വാഹന വാടക – ആദായ നികുതി ഈടാക്കിയില്ല.

അസി.എഞ്ചിനീയറുടെ ഓഫീസിലെ വാഹന വാടക ഇനത്തിൽ ശ്രീ. ദിലീപ് കുമാർ, ചട്ടിക്കൽ എന്നവർക്ക് താഴെ പറയും പ്രകാരം തുക തനത് ഫണ്ടിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. തലക്കാട് ഗ്രാമ പഞ്ചായത്തിന്റെ 4.1.23 ലെ 1/3 നമ്പർ തീരുമാനം, 7.1.23 ലെ AE/LIDEW/TLKD/51/2022-23 നമ്പർ കരാർ എന്നിവ പ്രകാരം 34000 രൂപ മാസ വാടകക്കാണ് വാഹനം (KL65Q-1127)എടുത്തിരിക്കുന്നത്. Income Tax Act 1961, Sec.194C പ്രകാരം ,അനുവദിക്കുന്ന തുക 30,000 രൂപക്ക് മുകളിൽ ആണെങ്കിൽ (Single Payment) ,ഒരു വർഷത്തിൽ ആകെ അനുവദിക്കുന്ന തുക 1,00,000 രൂപക്ക് മുകളിൽ ആണെങ്കിൽ 194C പ്രകാരമുള്ള നികുതി അടക്കാൻ ടിയാൻ ബാധ്യസ്ഥനാണ് (Transportation Contract). ഭാവിയിൽ അനുവദിക്കുന്ന തുകയിൽ നിന്നും 1% TDS പിടിക്കുന്നതിന് ശ്രദ്ധിക്കേണ്ടതും റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

വൗച്ചർ	അനുവദിച്ച തുക	മാസം
22201400/1.2.23	34000	ജനുവരി 2023
22201504/1.3.23	34000	ഫെബ്രുവരി 2023
22201694/31.3.23	34000	മാർച്ച് 2023

(Enquiry Number : 30/18.9.23ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

1-30 പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

നിർവഹണോദ്യോഗസ്ഥൻ : അസി. സെക്രട്ടറി
പ്രോജക്ട് നം./പേര് : 153/23 എസ് സി വിദ്യാർത്ഥികൾക്ക് പഠന മുറി
അടങ്കൽ : 600000 (വികസന ഫണ്ട്- Scp- 473620, തനത് ഫണ്ട് - 126380)
ചെലവ് : 200000 (വികസന ഫണ്ട്- Scp- 200000, തനത് ഫണ്ട് - 0)
ബിൽ നം. BRN 221505520323010815553/23.01.23-50000/-
BRN 221505520323010251888/10-01-23-50000/-
BRN 221505520323015189551/28-03-23-100000/-

മേൽ പദ്ധതി പ്രകാരം പഠനമുറി നിർമ്മാണത്തിനായി താഴെപറയുന്ന ഗുണഭോക്താക്കൾക്ക് തുക നൽകിയിട്ടുണ്ട്.

ക്രമ നം.	ഗുണഭോക്താവിന്റെ പേരും വിലാസവും	കൈപ്പറ്റിയ തുക
1	ശ്രീമതി. സുനിത സി പി കണ്ണത്ത് വളപ്പിൽ ഹൗസ്	1,00,000

	(വിദ്യാർത്ഥിയുടെ പേര് - അഭിഷേക് കൃഷ്ണ)	
2	ശ്രീ. വിശ്വനാഥൻ ചാമപറമ്പിൽ ഹൗസ് (വിദ്യാർത്ഥിയുടെ പേര് - അമൽനാഥ്)	1,00,000

ഗുണഭോക്താക്കൾ ഹാജരാക്കിയിട്ടുള്ള വാല്വേഷൻ സാക്ഷ്യപത്രം പ്രകാരം പകുതി വരെ മാത്രമാണ് പണി പൂർത്തീകരിച്ചിട്ടുള്ളത് . ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറി (നം.8/12.09.2023) ക്ക് ശ്രീമതി. സുനിത സി പി എന്ന ഗുണഭോക്താവ് പഠനമുറി പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും വാല്യൂഷൻ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ലെന്നും വാല്യൂഷൻ സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറക്ക് തുക അനുവദിക്കുമെന്നും ശ്രീ. വിശ്വനാഥൻ എന്ന ഗുണഭോക്താവിന്റെ പഠനമുറിയുടെ നിർമ്മാണം നടന്നുവരികയാണെന്നും പൂർത്തിയാക്കുന്ന മുറക്ക് അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-31 ലൈഫ് ഭവന പദ്ധതി സർക്കാർ മാർഗ്ഗ നിർദേശങ്ങൾക്ക് വിരുദ്ധമായി ധനസഹായം അധിക നൽകി

ഗ്രാമ പഞ്ചായത്തിൽ വി.ഇ.ഒ നിർവ്വഹണം നടത്തിയ ലൈഫ് ഭവന പദ്ധതി-എസ് സി (പ്രൊജക്ട് നമ്പർ. 198/23,121/23) എന്ന പദ്ധതികൾ പ്രകാരം വീട് നിർമ്മാണത്തിന് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ) നമ്പർ 34/2018 തസ്വ.ഭ.വ. തിയതി 16.3.2018 പ്രകാരം വീട് നിർമ്മാണത്തിനുള്ള ധനസഹായം പട്ടികജാതി വിഭാഗത്തിന് പരമാവധി 4 ലക്ഷം രൂപയാണ്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താവിന് 4,60,000/-രൂപ ധന സഹായം അനുവദിച്ചതായി കാണുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

ഗുണഭോക്താവ്	തിയതി	ലൈഫ് രജിസ്റ്റർ പ്രകാരം നൽകിയ തുക.	ബിൽ നമ്പർ
ശ്രീമതി.പ്രശാന്തി W/O രാജു അഴകുത്തിപറമ്പിൽ(H), തെക്കൻകുറ്റൂർ വാർഡ് -8 എസ് ബി ഐ ബാങ്ക്- A/C No.20426612343	10.03.2021	40000	ലഭ്യമല്ല
	16.08.2021	40000	ലഭ്യമല്ല
	29.06.2022	160000	ലഭ്യമല്ല
	04.01.2023	60000	Vr No.22201291/09.01.23
	26.05.2023	100000	ലഭ്യമല്ല
	29.10.22	60000 (രജിസ്റ്ററിൽ ചേർത്തിട്ടില്ല)	Vr No.22201050/09.11.22
ആകെ		460000	

മുൻ വർഷങ്ങളിൽ അനുവദിച്ച ആനുകൂല്യത്തിന്റെ ബിൽ നമ്പർ ലഭ്യമല്ലാത്തതിനാൽ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ നിന്നും 60000/- രൂപ അധികം നൽകിയതായി കാണുന്നു. അപാകതക്ക് മറുപടി ലഭ്യമാക്കാനായി ഓഡിറ്റ് എൻക്വയറി (28/18.09.2023) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി 60000/- രൂപ അധികം നൽകിയത് തിരിച്ചടവാക്കി വിവരം അറിയിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 ലൈഫ് ഭവന പദ്ധതി-സർക്കാർ മാർഗ്ഗ നിർദേശങ്ങൾക്ക് വിരുദ്ധമായി ധനസഹായം അധികം നൽകി

ഗ്രാമ പഞ്ചായത്തിൽ വി.ഇ.ഒ നിർവ്വഹണം നടത്തിയ ലൈഫ് ഭവന പദ്ധതി-എസ് സി (പ്രൊജക്ട് നമ്പർ. 198/23,121/23) എന്ന പദ്ധതികൾ പ്രകാരം വീട് നിർമ്മാണത്തിന് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ) നമ്പർ 34/2018 തസ്വ.ഭ.വ. തിയതി 16.3.2018 പ്രകാരം വീട് നിർമ്മാണത്തിനുള്ള ധനസഹായം പട്ടികജാതി വിഭാഗത്തിന് പരമാവധി 4 ലക്ഷം രൂപയാണ്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താവിന് 4,60,000/-രൂപ ധന സഹായം അനുവദിച്ചതായി കാണുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

ഗുണഭോക്താവ്	തിയതി	ലൈഫ് രജിസ്റ്റർ പ്രകാരം നൽകിയ തുക.	ബിൽ നമ്പർ
ശ്രീമതി.പ്രശാന്തി W/O രാജു അഴകുത്തിപറമ്പിൽ(H), തെക്കൻകുറ്റൂർ വാർഡ് -8 എസ് ബി ഐ ബാങ്ക്- A/C No.20426612343	10.03.2021	40000	ലഭ്യമല്ല
	16.08.2021	40000	ലഭ്യമല്ല
	29.06.2022	160000	ലഭ്യമല്ല
	04.01.2023	60000	Vr No.22201291/09.01.23
	26.05.2023	100000	ലഭ്യമല്ല
	29.10.22	60000 (രജിസ്റ്ററിൽ ചേർത്തിട്ടില്ല)	Vr No.22201050/09.11.22
ആകെ		460000	

മുൻ വർഷങ്ങളിൽ അനുവദിച്ച ആനുകൂല്യത്തിന്റെ ബിൽ നമ്പർ ലഭ്യമല്ലാത്തതിനാൽ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ നിന്നും 60000/- രൂപ അധികം നൽകിയതായി കാണുന്നു. അപാകതക്ക് മറുപടി ലഭ്യമാക്കാനായി ഓഡിറ്റ് എൻക്വയറി (28/18.09.2023) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി 60000/- രൂപ അധികം നൽകിയത് നിരാകരിക്കുന്നു. അധികം നൽകിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി അടവാക്കേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2022-23	2022-23വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി	ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി.

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പദ്ധതി പേര്,നം	ചെലവഴിച്ച തുക	നീക്കിയിരിപ്പ്
ബ്ലോക്ക് പഞ്ചായത്ത്	373750	189,നെൽകൃഷി വികസനം	373750	0
	315000	198,ലൈഫ്ഭവന പദ്ധതി(എസ്.സി)	315000	0
	200000	6,ഭിന്നശേഷി സ്കോളർഷിപ്പ്	200000	0
	100000	182,അഗതിരഹിത കേരളം പദ്ധതി-ആശ്രയ	100000	0
	480735	84,കെ.പി അഹമ്മദുണ്ണി സ്മാരക റോഡ്	480735	0
	207008	87,കോലൂപ്പാലം ഇറിഗേഷൻ കനാൽ	207008	0
ജില്ലാ പഞ്ചായത്ത്	170000	6,ഭിന്നശേഷി സ്കോളർഷിപ്പ്	170000	0
	65000	325,പട്ടികജാതി വിദ്യാർത്ഥികൾക്ക്	65000	0

	സ്കോളർഷിപ്പ്			

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ /ബിൽ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	പൂർത്തീകരിച്ച വിവരം	ചെലവഴിക്കാൻ ബാക്കിയുള്ള തുക
ഭൂജലവകുപ്പ്	ആനപ്പടി സബ്സെന്റർ കുഴൽ നിർമ്മാണം(302)	22201229/29.12.22	22084	22084	പൂർത്തീകരിച്ചു	-
ജലസേചനവകുപ്പ്	വാലില്ലാപുഴയിൽ ഷട്ടർ സ്ഥാപിക്കൽ(292)	22201056/09.11.22	2835900	2835900	പൂർത്തീകരിച്ചിട്ടില്ല	2835900
ജലസേചനവകുപ്പ്	വാലില്ലാപുഴയിൽ ഷട്ടർ സ്ഥാപിക്കൽ രണ്ടാം ഘട്ടം(301)	22201206/21.12.22 22201631/24.03.23	1755620/- 445000/-	2200620	പൂർത്തീകരിച്ചിട്ടില്ല	874700
കെ.എസ്.ഇ.ബി	സ്ട്രീറ്റ് ലൈനുകൾ ദീർഘിപ്പിക്കൽ(321)	22201661/29.03.23 P.F General	200000/- 60003/-	260003	പൂർത്തീകരിച്ചിട്ടില്ല	982800
ഭൂജലവകുപ്പ്	അംഗനവാടി കിണർ നിർമ്മാണം വാർഡ് 6,10(322)	22201708/31.03.23	124380/-	124380/-	പൂർത്തീകരിച്ചു	

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ക്രമ നം.	വായ്പയുടെ ഉദ്ദേശ്യം	ഉത്തരവ് നം./തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽതിരിച്ചടയ്ക്കാനുള്ള മുൻബാക്കി	തൻവർഷം അടച്ചത്		വർഷാവസാന ബാക്കി
					മുതൽ	പലിശ	
1	LIFE KURDFC	-	8437624	28449457	3191536	NIL	33695545

4-6 സ്ഥിര നിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	15000
തൻവർഷം നിക്ഷേപിച്ച തുക	00
ആകെ	15000
തന്നാണ്ടിൽ പിൻവലിച്ച തുക	00
വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം	15000

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

നിക്ഷേപത്തിന്റെ വിവരം	തുക	രശീതി നം.
ദി മലബാർ കോ-ഓപ്പറേറ്റീവ് ടൈറ്റൈൽസ് ലിമിറ്റഡ്, കുറ്റിപ്പുറം	10000	483/20.05.1998
ദി മലപ്പുറം ജില്ലാ പഞ്ചായത്ത് എംബ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നം.എം. 567, മലപ്പുറം	5000	356/19.06.2001

4-7 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട്	ഭാഗം/ ഖണ്ഡിക	ഈടാക്കിയ	ഒടുക്കിയ ആളുടെ പേരും	രശീതി നമ്പർ

വർഷം		തുക	ഉദ്യോഗപ്പേരും	/തിയ്യതി
2018-2019	1(12)	12586/-	ശ്രീ .കുഞ്ഞിമുഹമ്മദ് ആന്റ് അദേഴ്സ്, ശ്രീ .മുത്തീൻകുട്ടി ആന്റ് അദേഴ്സ്	1220500191 Dtd 14.12.2022
2019-20	1-14	40000/-	ശ്രീ വിനോദ് ആന്റ് ശ്രീമതി സൗദാമിനി	1220409605 Dtd 29.03.2023
2021-22	എൻക്വയറി നം. 22	1156/-	ശ്രീ.ഇബ്രാഹീം കുട്ടി.എം	1220406485 Dtd 29/12/2022
2021-22	എൻക്വയറി നം. 20	7320/-	ശ്രീ.ഇബ്രാഹീം കുട്ടി.എം	1220406489 Dtd 29/12/2022
2021-22	എൻക്വയറി നം. 21	1911/-	ശ്രീ.ബാലൻ.ടി	1220409605 Dtd 29/03/2023

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2015-16	2-3	2016-17	അനുബന്ധം	തൊഴിൽ നികുതി	നടപടി തുടരുന്നു
2015-16	2-4	2016-17	അനുബന്ധം	തൊഴിൽ നികുതി	നടപടി തുടരുന്നു

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

ക്രമം	റിപ്പോർട്ട് വർഷം	ഖണ്ഡിക നമ്പർ	ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്.	സർചാർജ് സർട്ടിഫിക്കറ്റ്		സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി)	റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത്	ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ	കോടതി വ്യവഹാരങ്ങളിൽ		ആകെ ലഭ്യമായ തുക	അവശേഷിക്കുന്ന തുക
				നമ്പറും തിയ്യതിയും	തുക				ഉൾപെട്ട തുക	ഈടാക്കിയ തുക		
1	2000-01	46,48,50,51,57,63	കെ വി ചേക്കു	15739/ സ്പെ സെൽ/ എസ്.സി5 /04 തീ.25.06.2005	38781	അടവാക്കിയിട്ടില്ല	ഇല്ല	ഇല്ല	0	0	0	38781

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	166122571
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	167438328
വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	60000
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	62,62,549

(ആകെ വരവിലും ചെലവിലും 1-4 പ്രകാരമുള്ള വിവിധ ഫണ്ടിനങ്ങളിലുള്ള വരവ് ചെലവുകളും തൊഴിലുറപ്പ് പദ്ധതിയുടെ ചെലവുകളും കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്)

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം .

ഖണ്ഡിക നം.	നഷ്ടമായ തുക (₹)		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ്ജ് ചെയ്യാവുന്നവ	സർചാർജ്ജ് ചെയ്യാവുന്നവ	
3-1		60000	ശ്രീമതി. സജി എസ്, വി ഇ ഒ

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-20	3,94,695	ശ്രീ.ബിമൽ.പി.എസ് ,വി ഇ ഒ
1-23	58,67,854	ശ്രീ.ഗിരീഷ് ലാൽ.എൻ.സി, സെക്രട്ടറി
ആകെ	6262549	

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരംമേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി. സജി എസ് ,വി ഇ ഒ	തലക്കാട് ഗ്രാമപഞ്ചായത്ത്	സൗപർണ്ണിക മുട്ടക്കാവ്, നെടുമ്പന പി ഒ കൊല്ലം – 691576

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1994-95 1995-96	കെ എസ് എ എം പി എം17/1359/2019 തി.15.09.2020	12
1996-97	കെ എസ് എ എം പി എം17/1359/2019 തി.15.09.2020	2
1999-2000	കെ എസ് എ എം പി എം17/1359/2019 തി.15.09.2020	12
2000-01	കെ എസ് എ എം പി എം17/1359/2019 തി.15.09.2020	15
2001-02	കെ എസ് എ എം പി എം17/1359/2019 തി.15.09.2020	15
2002-03	കെ എസ് എ എം പി എം17/1359/2019 തി.15.09.2020	3
2003-04	കെ എസ് എ എം പി എം17/1359/2019 തി.15.09.2020	3
2004-05	കെ എസ് എ എം പി എം17/1359/2019 തി.15.09.2020	10
2005-06	എൽ.എഫ്.എം.7/1083/10 തി.05-10-2010	15

2006-07	എൽ.എഫ്.എം. 7/1158/10 തി.05-10-2010	9
2007-08	എൽ.എഫ്.എം. 17/1117/11 തി.27.02.2012	11
2008-09 To 2010-11	എൽ.എഫ്.എം.17/200/2013 തി.26-02-2013	15
2011-12,12-13	കെ എസ് എ എംപിഎം17/88/2016 തി.07.03.2017	13
2013-14 2014-15	കെ എസ് എ എം പി എം17/1927/2016 തി.24.06.2017	15
2015-16	കെഎസ്എഎംപിഎം17/3270/2016 തി.09.03.2018	25
2016-17	കെഎസ്എഎംപിഎം17/2196/17 തീ.18.07.2018	24
2017-18	കെ.എസ്.എ.എം.പി.എം17/218/19 തിയതി 12.07.2019	12
2018-19	കെ.എസ്.എ.എം.പി.എം17/27/20 തിയതി 22.10.2020	10
2019-20	കെ.എസ്.എ.എം.പി.എം17/832/22/24.09.2022	15
2020-21	കെ.എസ്.എ.എം.പി.എം17/1494/22തിയതി 24.09.2022	14
2021-22	കെ.എസ്.എ.എം.പി.എം-17/3106/2022 തിയ്യതി 14-06-2023	20

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എം.എ.2/2023

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 24-07-2023 and submitted on 25-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Thalakkad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Thalakkad Grama Panchayat for the year 2022-2023

Date: 19/10/2023

Deputy Director

Kerala State Audit Department

Audit Report appended to the Audit Certificate of Thalakkad Grama Panchayat for the Year 2022-2023.

1.Major Observations

Nil

2.Other Observations

1.The following mandatory financial statements prescribed in accounting rules of Kerala Panchayath Raj (Accounts),2011 are not submitted for audit.

a. Ratios

b. Notes on accounts

c.comparative amount of previous year

2.Reconciliation statementes are not certified as per the kerala panchayathraj account rule, act 57&58

3.The following Grant liability amount shown as liability in Balance sheet does not match with Bank account opened for the specified grant amount.

Sl.No.	Item	B-4 ÂÂ	B-17
1	MGNREGS	119208	120208
2	SSA	327521	336211

4.staled amount collected as bidders E.M.D 11875/- in the annual year 2017-2018 and 5700/- in the annual year 2018-2019 did not accumulated in to the panchayath fund.

5.Receipt as contractors retension as per the financial statement does not match with deposit register.

6. Audit recovery register is not updated.

7.demand and collection of property tax as per the financial statement does not match with D.C.B

8.balance as per B4 schedule in the south indian bank(A/C No.0426053000016825) varies from frinancial statement 40(b) .

10.Balance of 9117038/- has showed in the schedule B 11 b (capital work in progress) , that has already transferred to the asset on 30.09.2020

11.cash statement of NREGS Revenue expendicture does not match with financial statement .

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ തലക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്